## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# അക്കാദമിക മാസ്റ്റർപ്ലാൻ

2025 -26

**സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ**

കാളിയാർ

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് മേരീസ് എച്ച്.എസ്.എസ്., കാളിയാർ |
| വിലാസം | : കാളിയാർ പി.ഒ., തൊടുപുഴ, ഇടുക്കി - 685 607 |
| ഫോൺ | : 04862 245168(HS), 247812(HSS) |
| സ്കൂൾ കോഡ് | : 29020 (എച്ച്.എസ്), 06018 (എച്ച്.എസ്എസ്) |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| വിദ്യാഭ്യാസ ഉപജില്ല | : തൊടുപുഴ |
| റവന്യൂ ജില്ല | : ഇടുക്കി |
| ബി.ആർ.സി | : കരിമണ്ണൂർ |
| സി.ആർ.സി. | : മുള്ളരിങ്ങാട് |
| ഗ്രാമപഞ്ചായത്ത് | : വണ്ണപ്പുറം(വാർഡ് - 11) |
| ബ്ലോക്ക് പഞ്ചായത്ത് | : ഇളംദേശം |
| ജില്ലാപഞ്ചായത്ത് | : ഇടുക്കി |
| നിയമസഭാമണ്ഡലം | : തൊടുപുഴ |
| ലോകസഭാമണ്ഡലം | : ഇടുക്കി |
| താലൂക്ക് | : തൊടുപുഴ |
| വില്ലേജ് | : വണ്ണപ്പുറം |
| Email HS | : 29020smhss@gmail.com |
| Email HSS | : stmaryskaliyar@gmail.com |

## ആമുഖം

കോതമംഗലം കോർപ്പറേറ്റ് ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂൾ 1955 ൽ യു.പി. സ്കൂളായും 1968 ൽ ഹൈസ്കൂളായും പ്രവർത്തിച്ചുവരുന്നു. 2005 ൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ തുടങ്ങിയത് ഈ സ്കൂളിന്റെ വളർച്ചയുടെ നാഴികകല്ലാണ്. മികച്ച ഭൗതിക സൗകര്യങ്ങൾ ഒരുക്കികൊണ്ട് കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ച ലക്ഷ്യം വച്ച് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ സ്കൂൾ മുൻപന്തിയിൽ നിലകൊള്ളുന്നു.

## വിദ്യാലയത്തിന്റെ ലഘു ചരിത്രം

ഇടുക്കി ജില്ലയിലെ വണ്ണപ്പുറം പഞ്ചായത്തിന്റെ തൊടുകുറിയായി നിലകൊള്ളുന്ന കാളിയാറിൽ പള്ളിസ്ഥാപിച്ച് ഏതാനും വർഷങ്ങൾ പിന്നിട്ടപ്പോൾ പള്ളിയോട് ചേന്ന് പള്ളിക്കൂടം കൂടി വേണമെന്ന ആവശ്യം ശക്തമാവുകയും തുടർന്നുള്ള നിരന്തര പരിശ്രമത്തിന്റെ ഫലമായി 1952 ൽ സർക്കാരിൽ നിന്നും അനുമതി ലഭിക്കുകയും ചെയ്തതിന്റെ ഫലമായി സ്കൂൾ ആരംഭിക്കുകയും ചെയ്തു.

ഒന്നും രണ്ടും ക്ലാസുകളാണ് ആദ്യഘട്ടത്തിൽ ആരംഭിച്ചത്. പള്ളിയോട് ചേർന്ന് വേദപാഠ ക്ലാസുകൾക്കായി പണികഴിപ്പിച്ച ഷെഡിൽ ആയിരുന്നു സ്കൂളിന്റെ ആരംഭം. വേണ്ടത്ര യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന ആരംഭകാലത്ത് കോടിക്കുളത്തുനിന്നും ആരാധനാ മഠത്തിലെ സിസ്റ്റേഴ്സ് നടന്നുവന്ന് പഠിപ്പിച്ചിരുന്നു. ദൂരകൂടുതലും സിസ്റ്റേഴ്സിന്റെ ദൗർലഭ്യവും മൂലം ഇതു തുടരാൻ സാധിച്ചില്ല. തുടർന്ന് ബഹു. തരണിയിലച്ചന്റെ നേതൃത്വത്തിൽ തോപ്പിൽ ജോൺസാർ, വർക്കി സാർ, പാപ്പച്ചൻ സാർ, തെക്കേക്കര ജോർജ്ജ് സാർ എന്നിവർ അധ്യാപകരായും, കെ.യു. ചാക്കോസാർ ഹെഡ്മാസ്റ്റർ ആയും സ്കൂളിന്റെ പ്രവർത്തനം തുടർന്നു. 1955 ൽ യു.പി.സ്കൂൾ അനുവദിച്ചുകിട്ടിയത് സ്കൂളിന്റെ വളർച്ചയുടെ മുന്നോടിയായി നിലകൊള്ളുന്നു.

1968 ൽ അന്നത്തെ മാനേജർ റവ.ഫാ. അഗസ്റ്റ്യൻ വട്ടക്കുഴിയുടെ നേതൃത്വത്തിൽ സ്കൂൾ ടീമിന്റെ പരിശ്രമഫലമായി ഹൈസ്കൂൾ അനുവദിച്ചുകിട്ടിയത് സ്കൂളിന്റെ വളർച്ചയുടെ തെളിവായി നിലകൊള്ളുന്നു. ഈ സ്കൂളിന്റെ ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് 1971 മാർച്ചിൽ പരീക്ഷ എഴുതിയത് 55 കുട്ടികളാണ്.

കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ 1999 ൽ ഈ സ്കൂളിൽ ഹയർസെക്കന്ററി വിഭാഗം ആരംഭിച്ചത് ഒരു പുതിയ തുടക്കമായിരുന്നു. ഉന്നത വിദ്യാഭ്യാസത്തിനായി കാളിയാറിൽ നിന്നും ഏറെ അകലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിച്ചിരുന്ന ആ കാലഘട്ടത്തിൽ സെന്റ് മേരീസ് സ്കൂളിൽ ഹയർസെക്കന്ററി വിഭാഗം തുടങ്ങിയത് ഏറെ ആശ്വാസകരമായി. ബയോളജി, കോമേഴ്സ് ബാച്ചുകളിലായി തുടക്കമിട്ട ഹയർസെക്കന്ററി സ്കൂളിൽ തുടർന്ന് കമ്പ്യൂട്ടർ സയൻസ്, ഹ്യൂമാനിറ്റീസ് എന്നീ രണ്ടു ബാച്ചുകൾ കൂടി ആരംഭിക്കുകയും ഇന്ന് ഈ നാലു ബാച്ചുകളിലായി 500 കുട്ടികൾ പഠിക്കുകയും ചെയ്യുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 2005 ൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ തുടങ്ങിയത് ഈ സ്കൂളിന്റെ വളർച്ചയുടെ നാഴികക

ല്ലാണ്.

വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കി വിവിധ ക്ലബ്ബുകൾ ഈ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. പാഠ്യ പാഠ്യേതര രംഗങ്ങളിൽ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി വിരാജിക്കുന്ന ഈ സ്കൂൾ എസ്.എസ്.എൽ.സി. പരീക്ഷയിലും പ്ലസ് 2 പരീക്ഷയിലും അഭിമാനകരമായ വിജയമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്.

കുട്ടികളുടെ യാത്രാസൗകര്യത്തിനായി നാല് സ്കൂൾ ബസുകൾ സർവ്വീസ് നടത്തിവരുന്നു. കലാകായിക രംഗങ്ങളിൽ നിരവധി ജില്ലാ-സംസ്ഥാനതല വിജയികളെ സംഭാവന ചെയ്യാൻ സാധിച്ചു എന്നത് ഈ സ്ഥാപനത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു.

വളരെ സമർത്ഥരായ പ്രധാനാധ്യാപകരുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും പി.റ്റി.എ. യുടെയുമെല്ലാം അർപ്പണബോധത്തോടെയുള്ള കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് അനുദിനം കുതിച്ചു മുന്നേറികൊണ്ടിരിക്കുന്ന ഈ സ്കൂളിൽ ഇന്ന് 1200 ഓളം കുട്ടികൾ പഠിക്കുന്നു.

**ലക്ഷ്യങ്ങൾ**

1. അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കുന്ന രീതിയിൽ പരിശീലനം നടത്തുന്നു.
2. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
3. പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും ഉണ്ടാകുന്നതിനായി യു.പി.ക്ലാസ് റൂമുകൾ കൂടി ഹൈടെക് ആക്കുന്നു.
4. കലാകായിക മേഖലകളിൽ ജീവിത വിജയം ഉറപ്പുവരുത്തുന്നതിനായി ഭൗതിക, മാനസിക, സാംസ്ക്കാരിക സൗകര്യങ്ങൾ വികസിപ്പിക്കുക.
5. പ്ലാസ്റ്റിക് വിമുക്ത-കീടനാശിനി വിമുക്ത, ലഹരിവിമുക്ത വിദ്യാലയങ്ങൾ സൃഷ്ടിക്കുക.
6. കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനായി ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുക.
7. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് പഠനവിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകുന്നതിന് യു.പി.ക്ലാസുകളിൽ ICT സാധ്യത ഉറപ്പുവരുത്തുക.
8. കുട്ടികളുടെ അഭിരുചികൾ തിരിച്ചറിയാൻ കരിയർഗൈഡൻസ് സെമിനാറുകൾ നടത്തുക
9. കുട്ടികളുടെ ആത്മീയ വളർച്ചയ്ക്കായി കൗൺസലിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുക.
10. കുട്ടികളുടെ പഠനനിലവാരം മെച്ചപെടുത്തുന്നതിന് സ്കൂൾ വായനശാലകളും ലബോറട്ടറികളും മെച്ചപ്പെടുത്തുക.

11. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി പ്രത്യേക പരിഗണന നൽകി ക്ലാസുകൾ സജ്ജീകരിക്കുക.
12. സാമൂഹിക നീതി ഉറപ്പാക്കൽ
13. കലാകായിക മേഖലയിൽ സമ്മർകോച്ചിംഗ് ക്യാമ്പ്- തുടർപരിശീലനം
14. സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം
15. പച്ചക്കറി, പൂന്തോട്ട നിർമ്മാണം
16. കുട്ടികളെ അറിയുക- കുട്ടികളുടെ ഭവനസന്ദർശനം
17. എഴുത്ത്, വായന, എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധികസമയം കണ്ടെത്തി പരിശീലനം നൽകുന്നു.
18. വിവിധ വിഷയങ്ങളിൽ ICT സാങ്കേതിക വിദ്യഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം.
19. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് ഓരോ യൂണിറ്റിന് ശേഷവും വർക്ക്ഷീറ്റുകൾ നൽകുന്നു.
20. 10-ാംക്ലാസിൽ പുതിയതായി ഒരു ഡിവിഷൻ കൂടി ആരംഭിക്കുന്നു.
21. കലാപരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനായി പ്രത്യേകമുറികൾ
22. U.P
23. നൂതന പഠന തന്ത്രങ്ങളിലൂടെയുള്ള അക്കാദമിക പ്രവർത്തനങ്ങൾ

# വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ച്ചപ്പാട്

1. കുട്ടികളിൽ വ്യക്തിവികാസങ്ങൾ മനസ്സിലാക്കി എല്ലാ കുട്ടികളെയും ഉൾകൊള്ളും വിധം ക്രമീകരിച്ചുകൊണ്ടുള്ള മികച്ച അധ്യാപനം.

2. ആധുനിക രീതിയിലുള്ള പഠന സാമഗ്രികളോടുകൂടിയ ഹൈടെക് ക്ലാസ് മുറികൾ

3. പ്ലാസ്റ്റിക് വിമുക്തമാക്കി ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ.

4. ഗവേഷണാത്മക ചിന്തകളും ശാസ്ത്രാഭിരുചിയും വളർത്തുന്ന പഠനപ്രവർത്തനങ്ങൾ.

5. പാഠ-പാഠനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

6. പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട ചുറ്റുപാടുകളോടുകൂടിയ ഹരിത വിദ്യാലയം.

7. ആധുനിക രീതികളോടുകൂടിയ ലാബ്, ലൈബ്രറി, ഐ.സി.റ്റി. സൗകര്യം.

8. അറിവിന്റെ നവലോകമായ് മാറുന്ന കാമ്പസ്.

9. ജൈവ വൈവിധ്യമാർന്ന പാർക്ക്.

10. കുട്ടികളിൽ പഠനാഭിമുഖ്യം വളർത്തുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ് റൂമുകൾ.

11. കുട്ടികളിലെ പാഠ്യേതര വിഷയങ്ങളിലെ പ്രാവീണ്യം തെളിയിക്കുന്നതിനുള്ള അവസരങ്ങൾ.

12. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

13.ഭാഷാശേഷി വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നടപ്പാക്കൽ

14. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട്.

15. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
16. കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഇല്ലാത്ത അവസ്ഥ
17. ആറാം ക്ലാസിൽ പുതിയതായി ഒരു ഡിവിഷൻ 2022-23 ൽ ആരംഭിച്ചു.
18. 2022-23 വർഷത്തെ പഠനമികവുകളുടെ അവതരണം- പഠനോത്സവം
19. 2023-24 അധ്യയനവർഷം പത്താംക്ലാസിൽ ഒരു ഡിവിഷൻകൂടി ആരംഭിച്ചു.
20. കുട്ടികളുടെ വ്യക്തിത്വവികസനത്തിനായി എൻ.സി.സി., സ്കൗട്ട് & ഗൈഡ്, ജെ. ആർ.സി., ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവയുടെ സജീവമായ പ്രവർത്തനം.
21. 2024-25 അധ്യയന വർഷം ആറാം ക്ലാസിൽ പുതിയതായി ഒരു ഡിവിഷൻ

    ആരംഭിച്ചു.

## പദ്ധതി രൂപീകരണ പ്രക്രിയ

1. എസ്.ആർ.ജി. യോഗത്തിൽ വിഷയാധിഷ്ഠിതമായ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ സംഘടനാ പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാല അവതരിപ്പിക്കൽ.
4. കരടുരേഖ അംഗീകരിക്കൽ
5. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
6. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥ

- യാത്രാസൗകര്യത്തിനായി 4 സ്കൂൾ ബസുകൾ - കാലാവധി കഴിഞ്ഞ വാഹനം മാറ്റി
  പുതിയ വാഹനം വാങ്ങിച്ചു.
- കുട്ടികളുടെ എണ്ണം കൂടുന്നു
- അക്കാദമിക നിലവാരം ശരാശരി
- അസംബ്ലി ഹാൾ നവീകരിക്കുന്നു.
- പാഠ്യേതര പ്രവർത്തനങ്ങൾക്ക് മുൻതൂക്കം
- ക്ലബ്ബ് ആക്ടിവിറ്റി സജീവം
- ദിനാചരണങ്ങൾ ആഘോഷമായി നടത്തുന്നു.
- ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം - നിർധനരും നിലാരംബരുമായ കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സാമ്പത്തിക സഹായം നൽകിവരുന്നു.
- മഴവെള്ള സംഭരണി
- സൈക്കിൾ ഷെഡ്
- കുട്ടികൾക്ക് സൗകര്യപ്രദമായി ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നു.
- പാചകപ്പുരയും പരിസരവും നവീകരിക്കുന്നു.
- കമ്പ്യൂട്ടർ ലാബ് നവീകരണം
- സ്കൂൾ കെട്ടിടം പെയിന്റ് അടിച്ച് നവീകരിച്ചു.

## വിദ്യാലയത്തിലെ വിവിധ വർഷങ്ങളിലെ കുട്ടികളുടെ എണ്ണം

| YEAR | V | | | VI | | | VII | | | VIII | | | IX | | | X | | | XI | | | XII | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 2018-19 | 51 | 55 | 106 | 45 | 46 | 91 | 57 | 54 | 111 | 52 | 56 | 108 | 66 | 58 | 124 | 73 | 56 | 129 | 112 | 110 | 222 | 111 | 124 | 235 |
| 2019-20 | 54 | 55 | 109 | 57 | 58 | 115 | 49 | 47 | 96 | 59 | 59 | 118 | 55 | 55 | 110 | 61 | 58 | 119 | 106 | 112 | 218 | 112 | 110 | 222 |
| 2020-21 | 51 | 37 | 88 | 62 | 61 | 123 | 61 | 53 | 114 | 54 | 61 | 115 | 66 | 63 | 129 | 59 | 56 | 115 | 110 | 134 | 244 | 106 | 112 | 218 |
| 2021-22 | 67 | 75 | 142 | 61 | 42 | 103 | 69 | 67 | 136 | 68 | 66 | 134 | 59 | 61 | 120 | 61 | 59 | 120 | 108 | 110 | 218 | 110 | 134 | 244 |
| 2022-23 | 46 | 53 | 99 | 68 | 77 | 145 | 60 | 48 | 106 | 69 | 77 | 146 | 69 | 69 | 138 | 57 | 62 | 119 | 00 | 00 | 00 | 108 | 110 | 218 |
| 2023-24 | 50 | 71 | 121 | 59 | 56 | 115 | 72 | 80 | 152 | 56 | 48 | 104 | 70 | 76 | 146 | 73 | 70 | 143 | 102 | 98 | 200 | 105 | 110 | 215 |
| 2024-25 | 57 | 57 | 114 | 55 | 74 | 129 | 60 | 60 | 120 | 66 | 87 | 153 | 61 | 55 | 116 | 73 | 73 | 146 | 113 | 106 | 219 | 95 | 110 | 205 |
| 2025-26 | 57 | 54 | 111 | 60 | 59 | 119 | 54 | 74 | 128 | 67 | 63 | 130 | 60 | 84 | 144 | 59 | 55 | 114 | 100 | 112 | 212 | 105 | 112 | 217 |

# അധ്യാപക അനധ്യാപക തസ്തികകൾ

## നിലവിലെ അവസ്ഥ

| ക്രം.നം | തസ്തിക | അനുവദിച്ചത് | നിലവിലുള്ളത് |
|---|---|---|---|
| 01 | ഹെഡ്മാസ്റ്റർ | 1 | 1 |
| 02 | പ്രിൻസിപ്പാൾ | 1 | 1 |
| 03 | യു.പി.എസ്.എ. | 11 | 11 |
| 04 | എച്ച്.എസ്.എ | 17 | 17 |
| 05 | എച്ച്.എസ്.എസ്.റ്റി | 23 | 23 |
| 06 | ലാബ് അറ്റന്റർ(എച്ച്.എസ്.എസ്) | 3 | 3 |
| 07 | ആർട്ട് എഡ്യൂക്കേഷൻ ടീച്ചർ | 1 | 1 |
| 08 | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 1 | 1 |
| 09 | LGHP(Ft.) | 1 | 1 |
| 10 | സംസ്കൃതം ടീച്ചർ | 2 | 2 |
| 11 | അറബി ടീച്ചർ | 1 | 1 |
| 12 | ക്ലർക്ക് | 1 | 1 |
| 13 | ഓഫീസ് അറ്റന്റർ | 2 | 2 |
| 14 | മീനിയൽ | 2 | 2 |
| 15 | റിസോഴ്സ് ടീച്ചർ | 1 | 1 |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ◆ഭാഷാശേഷി വികസനം<br>◆ഗണിതശേഷി വികസനം<br>◆ശാസ്ത്രപോഷണ പരിപാടി<br>◆വായന പരിപോഷണം<br>◆ഇംഗ്ലീഷ് പഠനപരിപോഷണം<br>◆ലൈബ്രറി ശാക്തീകരണം<br>◆ജൈവവൈവിധ്യ പാർക്ക്<br>◆പഠനയാത്രകൾ<br>◆സെമിനാറുകൾ<br>◆കലാ - കായികമേള<br>◆ഐ.ടി.പരിശീലനം<br>◆സ്കൂൾ മാഗസിൻ<br>◆പ്രവർത്തിപരിചയ പഠനം<br>◆എസ്.ആർ.ജി. ശാക്തീകരണം<br>◆അധ്യാപക പരിശീലനം<br>◆ക്ലാസ് പി.ടി.എ. സജീവമാക്കൽ<br>◆പച്ചക്കറിത്തോട്ടം<br>◆രചനാ ശില്പശാല<br>◆അഭിമുഖങ്ങൾ<br>◆മെഡിക്കൽ ക്യാമ്പ്<br>◆കായിക പഠനം<br>◆ദിനാചരണം<br>◆ഭാഷാലാബ്<br>◆പോഷകാഹാര പരിപാടി<br>◆ഗണിത ലാബ്<br>◆ടേം മൂല്യനിർണ്ണയം, വിലയിരുത്തൽ<br>◆ഉദ്യാനം<br>◆ആർട്ട് റൂം<br>◆യൂണിറ്റ്തല വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ<br>◆ജി.കെ.വേൾഡ് | ◆കളിസ്ഥലം<br>◆ചുറ്റുമതിൽ<br>◆ഗേറ്റ്<br>◆ക്ലാസ് മുറികൾ<br>◆ഓഫീസ് മുറി<br>◆കമ്പ്യൂട്ടർ റൂം<br>◆ലൈബ്രറി<br>◆അടുക്കള<br>◆ഡൈനിംഗ് ഹാൾ<br>◆അസംബ്ലി ഹാൾ<br>◆സ്റ്റാഫ് റൂം<br>◆ഗണിതോത്സവം<br>◆ഭാഷോത്സവം<br>◆വീട്ടിലെ കൃഷിത്തോട്ടം<br>◆ചിത്രരചന<br>◆ജന്മദിനത്തിൽ ഒരു പുസ്തകം<br>◆ലബോറട്ടറി<br>◆കുടിവെള്ള വിതരണം<br>◆മാലിന്യ സംസ്ക്കരണം<br>◆നെറ്റ്ബോൾ കോർട്ട്<br>◆പെൺകുട്ടികൾക്ക് പുതിയ വാഷ് ഏരിയ<br>◆ജന്മദിനത്തിൽ ഒരു ചെടി<br>◆ക്ലാസ് മുറികളിൽ വൈറ്റ് ബോർഡ്<br>◆ടോയ്‌ലെറ്റ് നവീകരണം | ◆എസ്.എം.സി<br>◆പി.ടി.എ. ശക്തിപ്പെടുത്തൽ<br>◆വിദ്യാലയ വികസന സമിതി<br>◆പൂർവ്വ വിദ്യാർത്ഥി സംഗമം<br>◆എസ്.എസ്.ജി.<br>◆ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വാധ്യാപകർ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>◆ക്ലാസ് പി.ടി.എ. മാതൃകാപരമായി നടത്തുന്നതിനുള്ള നടപടികൾ<br>◆പ്രാദേശിക പി.ടി.എ.<br>◆ഭവന സന്ദർശനം<br>◆പഠനോത്സവം |

# വിഷയം : ഇംഗ്ലീഷ് പ്രവർത്തനങ്ങൾ

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഇംഗ്ലീഷ് ഭാഷ**

**പ്രവർത്തനത്തിന്റെ പേര്** : **ഇംഗ്ലീഷ് അസംബ്ലി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനത്തിന്റെ പേര്** : **ഇംഗ്ലീഷ് ഡയറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിലെഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപകർ | |

**പ്രവർത്തനത്തിന്റെ പേര്** : **ഇംഗ്ലീഷ് തീയേറ്റർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്ഥമായ വ്യവഹാര രൂപത്തിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ.<br>Example<br>June : Mansoon<br>July : Population<br>August : Freedam<br>Sept : Onam etc.. | പ്രതിവാര പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അധ്യാപിക | |

## പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കാൻ | മദ്ധ്യവേനൽ അവധിക്കാലത്ത് 2 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ. | 2 ദിവസം (അവധിക്കാലം) | പി.റ്റി.എ. പ്രസിഡന്റ്<br><br>എച്ച്.എം. | |

## പ്രവർത്തനത്തിന്റെ പേര് : മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്ന് പോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 1 പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | |

## പ്രവർത്തനത്തിന്റെ പേര് : ഗ്രാമർ സ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിച്ചുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതിവർഷം 10 ക്ലാസ് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനത്തിന്റെ പേര് : പ്രസംഗ തർജ്ജമ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനത്തിന്റെ പേര് : പദപ്രശ്ന നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ അനുമോദിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

# വിഷയം : മലയാളം പ്രവർത്തനങ്ങൾ

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം**

**പ്രവർത്തനത്തിന്റെ പേര്** : **രചനാ ശില്പശാല**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാനും മലയാളം ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | കഥയരങ്ങ്/കവിയരങ്ങ് രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കാൻ<br>പതിപ്പുകൾ/മാഗസിനുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. | രണ്ട് മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി<br>മലയാളം ടീച്ചർ | സ്പോൺസർഷിപ്പ് |

**പ്രവർത്തനത്തിന്റെ പേര്** : **സർഗ്ഗ സല്ലാപം**

**ഉപമേഖല** : **ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിച്ച് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം. & പി.ടി.എ. | സ്പോൺസർഷിപ്പ് |

**പ്രവർത്തനത്തിന്റെ പേര്** : **നാടക കളരി**

**ഉപമേഖല** : **ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ഒരു ചെറുകഥയുടെ നാടകാവിഷ്ക്കരണം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് | സ്പോൺസർഷിപ്പ് |

**പ്രവർത്തനത്തിന്റെ പേര് : സെമിനാറുകൾ/സർഗ്ഗശേഷി വികസനം**

**ഉപമേഖല : സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷിയുടെ വികസിപ്പിക്കൽ | സർഗ്ഗവേള<br>മലയാളം കലാപരിപാടികൾ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനത്തിന്റെ പേര് : അസംബ്ലി**

**ഉപമേഖല : സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | അസംബ്ലി, നവപ്രഭ. ശ്രദ്ധ തുടങ്ങിയവയിലൂടെ ഭാഷാപരമായ ശേഷി വർദ്ധിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി, എല്ലാദിവസവും ക്ലാസ് | എച്ച്.എം.<br>മലയാളം അധ്യാപകർ | |

**പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാല ശാക്തീകരണം**

**ഉപമേഖല : ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കുന്നു. | ക്ലാസ് ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തുകയും പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കുകയും ചെയ്യുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച്.എം.<br>ക്ലാസ് ടീച്ചർ<br>ലൈബ്രേറിയൻ | |

**പ്രവർത്തനത്തിന്റെ പേര് : കവികൾ, കവിതകൾ**

**ഉപമേഖല : കവികളെ പരിചയപ്പെടൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടൽ | കുട്ടികൾക്ക് കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്കു ലഭിച്ചിരിക്കുന്ന കവിയുടെ ജീവചരിത്രവും ചരിത്രകുറിപ്പും ഒരു കവിതയും തയ്യാറാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. | |

**പ്രവർത്തനത്തിന്റെ പേര് : സമ്മർ കോച്ചിംഗ് ക്യാമ്പ്**

**ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളിൽ കായിക ക്ഷമത വളർത്തിയെടുക്കുക | വേനൽ അവധിക്കാലത്ത് ഒരു മാസം നീണ്ടുനിൽക്കുന്ന കായിക പരിശീലന ക്യാമ്പ് നടത്തി കുട്ടികളിൽ കായികക്ഷമത വളർത്തിയെടുക്കുന്നു. | ഒരുമാസം | കായിക അദ്ധ്യാപകൻ | കുട്ടികളിൽ നിന്ന് ഫീസ് വാങ്ങാതെ, ക്യാമ്പിന്റെ ചിലവുകൾ സ്കൂൾ പി.ടി.എ.ഫണ്ടിൽ നിന്ന് വകയിരുത്തുന്നു. |

**പ്രവർത്തനത്തിന്റെ പേര് : പ്രതിഭയെ കണ്ടെത്തൽ**

**ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കായിക മത്സരങ്ങൾക്കായി പ്രതിഭകളെ കണ്ടെത്തുക. | കായിക പരിശീലന ക്യാമ്പിൽ നിന്ന് കഴിവുള്ള കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് തുടർ പരിശീലനം നൽകുന്നു. | ഒരു ആഴ്ച | കായിക അദ്ധ്യാപകൻ | സാമ്പത്തികം ഇല്ല |

**പ്രവർത്തനത്തിന്റെ പേര് : നീന്തൽ പരിശീലനം**

**ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| നീന്തൽ മത്സരങ്ങൾക്കായി പ്രതിഭകളെ കണ്ടെത്തുക | നീന്തൽ പരിശീനല ക്യാമ്പ് നടത്തി കഴിവുള്ള കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് തുടർ പരിശീലനം നൽകുന്നു. | ക്യാമ്പ് ഒരു ആഴ്ച- തുടർ പരിശീലനം മത്സരം വരെ | കായിക അദ്ധ്യാപകൻ | നീന്തൽ പരിശീലനം സ്കൂളിന് പുറത്തുള്ള സെന്ററിൽ നടക്കുന്നതിനാൽ ഫീസ് കുട്ടികളിൽ നിന്നുതന്നെ ഈടാക്കുന്നു. |

**പ്രവർത്തനത്തിന്റെ പേര് : യോഗ പരിശീലനം**

**ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളിൽ കായിക വ്യായാമത്തോടൊപ്പം മാനസിക വ്യായാമവും വളർത്തുക | മാസത്തിലെ രണ്ട് പി.ടി. പിരീഡ് കുട്ടികൾക്ക് യോഗ പരിശീലനം ൽകുന്നു. അവരെ മത്സരത്തിനായി ഒരുങ്ങുന്നു. | മാസത്തിൽ രണ്ട് പീരീഡ് | കായിക അദ്ധ്യാപകൻ | സാമ്പത്തികം ഇല്ല |

## പ്രവർത്തനത്തിന്റെ പേര് : കായിക ദിനാചരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കായിക ദിനാചരണം വഴി കുട്ടികളിൽ കായിക പ്രവർത്തന ങ്ങളോടുള്ള അഭിരുചി വളർത്തുക | യോഗാദിനം, അന്താരാഷ്ട്ര ഒളി മ്പിക് ദിനം, ദേശീയ കായിക ദിനം എന്നിവ വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. | ജൂൺ 21, 23, ഓഗസ്റ്റ് 28 എന്നീ ദിവസങ്ങ ളിൽ | കായിക അധ്യാപകർ | സ്കൂൾ പി.ടി.എ. ഫണ്ടിൽ നിന്ന് വകയിരു ന്നു. |

## പ്രവർത്തനത്തിന്റെ പേര് : കായിക ദിനാചരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കഴിവുള്ള കുട്ടികളെ കണ്ടെത്തി അവസര ങ്ങൾ നൽകി അവരെ ഉന്നതവിജയം നേടാൻ പ്രാപ്തരാക്കുക. | സാധ്യമാകുന്ന എല്ലാ കായിക മത്സ രങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ച് അവർക്ക് ഉന്നതവിജയം സാധ്യമാ ക്കുന്നു. | അതാത് മത്സര ങ്ങളുടെ സമയ ങ്ങളിൽ. | കായിക അധ്യാപകർ | സ്കൂൾ പി. ടി. എ. ഫ ണ്ടിൽ നിന്ന് വകയിരുന്നു. |

## പ്രവർത്തനത്തിന്റെ പേര് : ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂ ഹത്തെ രൂപപ്പെടു ത്തൽ | ◆വർഷത്തിൽ ഒരു പ്രാവശ്യം കുട്ടി കൾക്ക് സമഗ്രമായ വൈദ്യപരിശോ ധന നടത്തൽ<br>◆എം.ആർ. വാക്സിനേഷൻ<br>◆അയൺഫോളിക് ആസിഡ്<br>◆വിരഗുളിക | വർഷത്തിൽ ഒരു പ്രാവശ്യം 15 വയസുവരെ യുള്ള കുട്ടി കൾക്ക് | എച്ച്.എം. പി.ടി.എ. ഹെൽത്ത് ക്ലബ്ബ് | |

## പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG<br>SSG<br>പരിസ്ഥിതി ക്ലബ്ബ് | |

## പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG<br>ജൈവ വൈവിധ്യ ക്ലബ്ബ് | |

## പ്രവർത്തനത്തിന്റെ പേര് : പി. ടി. എ. സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

## പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ഥ മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ<br>എച്ച്.എം.<br>പി.ടി.എ. | |

**വിഷയം** : **ശാസ്ത്രം**

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ശാസ്ത്രം**

**പ്രവർത്തനത്തിന്റെ പേര്** : **ശാസ്ത്രലാബ് നവീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പാക്കുന്നതിനും | ● ശാസ്ത്രപഠനത്തിന് സഹായകമായ മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കുക.<br>● തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്നു തരംതിരിക്കൽ<br>● സാമഗ്രികൾ വാങ്ങൽ | ഒരു മാസം | ശാസ്ത്ര അധ്യാപകർ | |

**പ്രവർത്തനത്തിന്റെ പേര്** : **ശിൽപ്പശാല**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പരീക്ഷണങ്ങൾ ചെയ്യുന്നതിന് വൈദഗ്ധ്യം നേടുന്നതിനും പഠനോപകരണ നിർമ്മാണത്തിൽ പരിശീലനം നേടുന്നതിനും | ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ. മികവാർന്ന പരീക്ഷണങ്ങളുടെ അവതരണം.<br>പരീക്ഷണസാമഗ്രികളുടെ നിർമ്മാണ ശിൽപ്പശാല.<br>സ്കൂൾ പഠനോപകരണ നിർമ്മാണ ശിൽപ്പശാല | വർഷം മുഴുവൻ | ശാസ്ത്രാ അധ്യാപകർ<br>PTA | |

**പ്രവർത്തനത്തിന്റെ പേര്** : **കലാം കോർണർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തൽ | ശാസ്ത്ര ലൈബ്രറി, ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ, വിജ്ഞാന കേരളം, യൂറീക്ക, ശാസ്ത്രപഥം, മറ്റുപുസ്തകങ്ങൾ എന്നിവ വാങ്ങൽ, വായിക്കൽ. | വർഷം മുഴുവൻ | HM<br>ശാസ്ത്രാ അധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രാവബോധ വാരാഘോഷം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| നിരീക്ഷണ പരീക്ഷണങ്ങളിലൂടെ ആശയഗ്രഹണവ്യക്തത സാധ്യമാകുന്നതിന് | ലാബ് സന്ദർശനം<br>ഫാക്ടറി സന്ദർശനം | ഒരാഴ്ച | SRG<br>ശാസ്ത്രാ അധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ജൈവ വൈവിധ്യത്തെക്കുറിച്ചും, അതിന്റെ സംരക്ഷണത്തെക്കുറിച്ചും അവബോധമുണ്ടാക്കാൻ | സ്കൂൾ പരിസരത്തുള്ള സസ്യജന്തുജാലങ്ങളെ തരം തിരിച്ച് അവയുടെ എണ്ണം ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കൽ | ഒരുമാസം | ശാസ്ത്രാ അധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ശാസ്ത്ര ക്ലബ്ബ് | |

## പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | |

## പ്രവർത്തനത്തിന്റെ പേര് : പ്രതിഭാ പോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേകപരിശീലന ക്ലാസുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | ഒഴിവുവേളകളിൽ | SRG<br>SSG | |

## പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രമേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രവർത്തനമാണെന്നു മനസിലാക്കുക. | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം. | ഒഴിവുവേളകളിൽ | SRG<br>SSG | |

## പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രമാജിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കൽ, അവയുടെ പ്രവർത്തനക്രമം.<br>ചിത്രം സഹിതം, പ്രത്യേക ബുക്കിൽ വരച്ച് രേഖപ്പെടുത്തണം. | മാസത്തിൽ ഒരു തവണ | SRG<br>ശാസ്ത്രാധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : മൺമറഞ്ഞ ആഹാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്നവിധം, അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി സംവാദം നടത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | SRG | |

## പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളുടെ ബോധവൽക്കരണം | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, സെമിനാർ, ക്ലാസ്, ക്വിസ്, പോസ്റ്റർ, റോൾ പ്ലേ, ശാസ്ത്ര നാടകം | ഒരു വർഷം | ശാസ്ത്രാധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : ഫീൽഡ് ട്രിപ്പ്, നേച്ചർ ക്യാമ്പ്, പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്രവുമായി ബന്ധപ്പെട്ട ആശയങ്ങൾ മനസിലാക്കൽ | നാഷണൽ പാർക്ക്<br>വന്യജീവി സങ്കേതം<br>ഫാക്ടറികൾ - സന്ദർശനം<br>നേച്ചർ ക്യാമ്പ് | ഒരു വർഷം | ശാസ്ത്രാധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം കൂടുതൽ നിരീക്ഷണ പരീക്ഷണങ്ങളിലൂടെയാക്കുക | പഠന പ്രവർത്തനങ്ങളിലെ പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ എന്നിവ സയൻസ് ലാബിൽ കൊണ്ടുവന്ന് ക്ലാസെടുക്കുക. | ഒരു വർഷം | ശാസ്ത്രാധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്രവുമായി ബന്ധപ്പെട്ട ആശയങ്ങൾ കൂടുതൽ മനസിലാക്കാൻ | ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, മാഗസിൻ, മാസിക എന്നി ഇയർ ബുക്ക് എന്നിവ കേന്ദ്രീകരിച്ച് ഒരുക്കൽ | വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ | |

## പ്രവർത്തനത്തിന്റെ പേര് : ഡിബേറ്റ് – സെമിനാർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് കൂടുതൽ ആശയങ്ങൾ രൂപീകരിക്കൽ | ഡിബേറ്റ്, സെമിനാർ, പ്രൊജക്ട് ക്വിസ് | വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠന നിലവാരം വിലയിരുത്തൽ, താത്പര്യം ജനിപ്പിക്കൽ മെച്ചപ്പെടുത്തൽ CWSN ഉൾക്കൊള്ളിച്ചുള്ള വിദ്യാഭ്യാസം | 1) പ്രി ടെസ്റ്റ് നടത്തി കുട്ടികളെ വിലയിരുത്തുന്നു.<br>2) ഗണിത പസിലുകൾ, പാറ്റേണുകൾ, സെമിനാറുകൾ.<br>3) Geogebra(ICT)<br>4) ഇമേജുകളുടെ സഹായത്തോടെ, ജാമതീയ രൂപങ്ങളുടെ പ്രത്യേകതകൾ പരിചയപ്പെടുത്തുന്നു.<br>3) ഗണിത ക്ലബ്ബിൽ പട്ടികകൾ ആവർത്തിച്ചുചൊല്ലി പഠിക്കുന്നു.<br>6) ഓപ്പൺ ലൈബ്രറി<br>7) CWSNകുട്ടികൾക്ക് മാതൃകകളുടെ സഹായത്തോടെ ജാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു. | ഒരു വർഷം | എസ്.ആർ.ജി. ശാസ്ത്രക്ലബ്ബ് | |
| 2) ഗണിത ശാസ്ത്രപഠനത്തിലുള്ള വിവിധ മേഖലകൾ, അധിക പഠനം | 1) ഗണിത ക്വിസ്<br>2) ദിനാചരണങ്ങൾ<br>3) ഗണിത ശാസ്ത്രലൈബ്രറിയുടെ ഉപയോഗം.<br>4) ഹൈടെക് ഡിജിറ്റൽ ലൈബ്രറി<br>5) ഗണിത ശാസ്ത്രദിനാചരണങ്ങൾ<br>6) ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ<br>7) മട്ടത്രികോണ നിർമ്മാണം.<br>8) Heron's Formula, Trignometry എന്നിവ മനസ്സിലാക്കുന്നു.<br>9) മഴ മാപിനി നിർമ്മിച്ച് അളവ് രേഖപ്പെടുത്തുന്നു. | മാധ്യമം | ടീച്ചർ എസ്.ആർ.ജി. കൺവീനർ | |
| 3) സർഗ്ഗ - നൈപുണ്യ മേഖലകൾ സാമൂഹിക പ്രതിബന്ധത | 1) പൈതഗോറസ് തീയറം അടിസ്ഥാനമാക്കി മട്ടക്കോൺ നിർമ്മിച്ച് കെട്ടിടനിർമ്മണത്തെപറ്റി മനസിലാക്കുന്നു.<br>2) ഭൂമിയുടെ അളവ് Heron's Formula ഉപയോഗിച്ച് ഏക്കറിലും ഹെക്ടറിലും കണ്ടെത്താൻ പഠിക്കുന്നു.<br>3) Clinometer ന്റെ ഉപയോഗം ഉയരം അളക്കുന്നത് പഠിക്കുന്നു. സ്കൂൾ കെട്ടിടത്തിന്റെ ഉയരം അളക്കുന്നു.<br>4) മഴമാപിനി, കെട്ടിടത്തിന്റെ ഉയരം, സ്ഥലത്തിന്റെ അളവ് തുടങ്ങിയവ പൊതുജനങ്ങൾക്ക് മനസ്സിലാക്കി നൽകുന്നു. | ദീർഘം | ടീച്ചർ എസ്.ആർ.ജി. കൺവീനർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള ഗണിതദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ക്ലബ്ബിൽ രൂപ പ്പെടുത്തുന്നു. നിശ്ചിത ദിവസ ങ്ങളിൽ അംഗങ്ങൾ അവ സംഘ ടിപ്പിക്കുന്നു. | ആവശ്യാ നുസരണം | | |
| രസകരമായ ഗണിതശാ സ്ത്രപഠനവും കരചലന ശേഷികളുടെ വികാ സവും | ജാപ്പനീസ് കലയായ ഒറിഗാമിയി ലൂടെ ഗണിതശേഷികൾ കൈവരി ക്കുന്നതിനുള്ള പരിശീലനം നൽകൽ.<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത കൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ. | വർഷ ത്തിൽ ഒരു പ്രാവശ്യം | | |
| ഗണിത ക്ലാസുകൾ കൂടു തൽ മികവുറ്റതാക്കുന്ന തിനും പ്രശ്നങ്ങൾ പരി ഹരിക്കുന്നതിനും | വിദ്യാർത്ഥികളുടെ നോക്കുബുക്ക് ചെക്ക് ചെയ്യാൻ, പഠന പിന്നോക്കാവ സ്ഥയിലുള്ളവർക്ക് പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വെ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തന ങ്ങൾ. | വർഷ ത്തിൽ | ടീച്ചർ<br>പി.റ്റി.എ.<br>എം.പി.റ്റി.എ. | |
| കുട്ടികളിൽ ഗണിതാഭി രുചി വളർത്തുക. | ഗണിത തത്വങ്ങൾ എളുപ്പം മനസ്സിലാ ക്കാൻ ഉപകരിക്കുന്ന ഗണിത മോഡ ലുകൾ, വർക്കിംഗ് മോഡലുകൾ, എന്നിവ ഉണ്ടാക്കി അവയുടെ നിർമ്മാണ രീതി അവതരിപ്പിക്കുന്നു. | മാസ ത്തിൽ | ടീച്ചർ<br>പി.റ്റി.എ.<br>എം.പി.റ്റി.എ. | |
| ഗണിതപഠന പ്രവർത്തന ങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നട ത്തൽ. | ആവശ്യാ നുസ രണം | എസ്.ആർ.ജി.<br>ക്ലബ്ബ് | |
| ഗണിതം മധുരതരമാക്കൽ | ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | 1<br>പ്രാവശ്യം | ഗണിത ക്ലബ്ബ് | |
| ഗണിത പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ഗണിതത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴി വുദിനങ്ങളിൽ സംഘടിപ്പിക്കുന്നു. | അവധി ദിവസ ങ്ങൾ | എസ്.ആർ.ജി | |
| ഗണിതശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പര മാവധി പങ്കാളിത്തം ഉറപ്പാക്കൽ | വർഷ ത്തിൽ ഒരു തവണ | മാത്സ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തല, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡ്/ മൊമന്റോ നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം | എച്ച്.എം. ടീച്ചർ | |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.റ്റി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |
| ഗണിത പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഗണിത സംബന്ധമായ പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, പേപ്പർ കട്ടിംഗ് എന്നിവയുടെ ശേഖരണം ഗണിതത്തിനായി നോട്ടീസ് ബോർഡ് സ്ഥാപിക്കൽ | വർഷത്തിൽ | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | |
| കുട്ടികളുടെ Puzzles, Maths Magazine ൽ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ | പ്രതി മാസ പരിപാടി | എസ്.ആർ.ജി. ടീച്ചർ | |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽവച്ച് ഗണിത ക്ലാസ് നടത്തൽ | പ്രതി മാസ പരിപാടി | എസ്.ആർ.ജി. ടീച്ചർ | |
| ഗണിതത്തിൽ പ്രാവീണ്യം നേടൽ | മധ്യവേനലവധിക്കാലത്ത് അഞ്ച് ദിവസം നീണ്ട് നിൽക്കുന്ന ഗണിത പരിശാലനം. | മധ്യവേനൽ അവധിക്കാലം | എച്ച്.എം. ടീച്ചർ എസ്.ആർ.ജി. | |
| | | | | |

# പ്രവർത്തനം

**വിഷയം : രാഷ്ട്രഭാഷ; ശ്രേഷ്ഠഭാഷ**

**മേഖല : അക്കാദമികം/ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ പഠനം അനായാസമാക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ | ഹിന്ദി അക്ഷരജ്ഞാനം ഇല്ലാത്ത കുട്ടികളെ ടെസ്റ്റു നടത്തി കണ്ടെത്തി അക്ഷരമാല ചാർട്ടുകൾ നൽകൽ | 1 മാസം | ഹിന്ദി അധ്യാപകർ | |
| | വാക്കുകളുടെ ക്രമീകരണത്തിന് ഊന്നൽ കൊടുത്ത് വാക്യങ്ങളിലേക്ക് കടക്കുന്നു. | 1 മാസം | ഹിന്ദി അധ്യാപകർ | |
| | ഗ്രൂപ്പുകളായി തിരിച്ച് ലീഡേഴ്സിനെ തെരഞ്ഞെടുത്ത് ഒഴിവുസമയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പഠനത്തിൽ സഹായിക്കാൻ ഏർപ്പാടാക്കൽ | 1 മാസം | ഹിന്ദി അധ്യാപകർ | |
| ഹിന്ദി ഭാഷയോട് കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിനുള്ള ഉപാധികൾ | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി, ഹിന്ദിയിൽ പ്രാർത്ഥന, പ്രതിജ്ഞ, വാർത്താവായന എന്നിവ നടത്തൽ. ഹിന്ദി ദിനത്തിൽ അസംബ്ലി മുതൽ അന്നത്തെ എല്ലാ പ്രോഗ്രാമുകളും ഹിന്ദിയിൽ അവതരിപ്പിക്കൽ. | മാസത്തിൽ ഒന്ന് | ഹിന്ദി ക്ലബ്ബ് ലീഡേഴ്സ് ഹിന്ദി അധ്യാപകർ | |
| ഹിന്ദി ഭാഷയിലുള്ള വൈദഗ്ധ്യം മനസ്സിലാക്കൽ | ഹിന്ദി ഭാഷയിലുള്ള വൈദഗ്ധ്യം മനസ്സിലാക്കാൻ പ്രസംഗം, കവിതാ പാരായണം, ഉപന്യാസ രചന, കഥാ രചന, കൈയ്യക്ഷര മത്സരം എന്നിവ നടത്തൽ. | ഓരോ ടേമിലും | ഹിന്ദി അധ്യാപകർ എസ്.ആർ.ജി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യവാസന കളെ കണ്ടെത്തൽ | പഠിച്ച പാഠഭാഗങ്ങളെ ആസ്പദമാക്കി ക്ലാസിലെ എല്ലാ കുട്ടിക ളിൽനിന്നും രചനകൾ സ്വീകരിച്ചുകൊണ്ടുള്ള മാഗസിൻ നിർമ്മാണം, സ്കൂൾതല വാർത്തകൾ ഹിന്ദിയിൽ | 3-ാം ടേമിൽ | ലീഡേഴ്സ് ഹിന്ദി അധ്യാപകർ | |
| | ഹിന്ദിയിൽ ക്വിസ് നട ത്തുകയും വിജയി കൾക്ക് സമ്മാനം നൽകുകയും ചെയ്യൽ. ഹിന്ദി റേഡിയോ ക്ലബ്ബ് | മാസത്തിൽ ഒന്ന് | ഹിന്ദി അധ്യാപകർ | |
| ഹിന്ദി പഠനം കാര്യ ക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ നാടകീകരണം, ഹിന്ദി ബുള്ളററിൻ പ്രസിദ്ധീക രിക്കൽ | മാസത്തിൽ ഒന്ന് | ഹിന്ദി ക്ലബ്ബ് ലീഡേഴ്സ് ഹിന്ദി അധ്യാപ കർ | |
| | | | | |
| | | | | |

# പ്രവർത്തനം

**വിഷയം : സാമൂഹ്യശാസ്ത്രം**

**മേഖല : അക്കാദമികം**

## സാമൂഹ്യശാസ്ത്രലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗക ര്യപ്രദമായ ഒരു മുറിയിൽ ലാബ് ക്രമീകരിക്കുന്നു. | വർഷ ത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാ സ്ത്രക്ലബ് | |

## പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തി ലൂടെ പാഠ്യവസ്തുത കൾ ഗ്രഹിക്കുന്ന തിന് | സാമൂഹ്യശാസ്ത്രപ്രാധാ ന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി | |

## ഡിബേറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷ യങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീക രിക്കുക. | സമകാലിക പ്രസക്തി യുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കു റിച്ച് സംവാദം, സെമി നാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുട ങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

## മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രം മനസ്സിലാക്കുന്നു. | സ്കൂൾതല മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. | വർഷ ത്തിൽ ഒരു പ്രാവശ്യം | സോഷ്യൽ സയൻസ് ക്ലബ്ബ് | |

## മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | അവധി ദിവസങ്ങളിൽ | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | |

## സാമൂഹ്യശാസ്ത്ര ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രം വിശാലമായി മനസ്സിലാക്കാൻ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച് ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

## ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ എല്ലാദിവസങ്ങളിലെയും പ്രധാന വാർത്തകൾ ദിനാചരണങ്ങൾ എന്നിവ സൂചിപ്പിക്കുവാൻ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

**വിഷയം : കല-വിദ്യാഭ്യാസം**

**മേഖല : അക്കാദമികം**

## കല-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | ചവിട്ടുനാടകം, മാർഗ്ഗംകളി, പരിചമൊട്ടുകളി, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനം അവധി ദിവസങ്ങളിൽ | അവധി ദിവസങ്ങൾ | ആർട്സ് ക്ലബ് കലാദ്ധ്യാപകർ | |

## ചിത്രരചനാ കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടാൻ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം. തുടർപ്രവർത്തനങ്ങൾ | അവധി ദിവസങ്ങൾ | എസ്.ആർ.ജി കലാധ്യാപകർ | |

**മേഖല : ഭൗതികം**

**പ്രവർത്തനത്തിന്റെ പേര് : ചുറ്റുമതിൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂളിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക.<br>മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക.<br>നിലവിലുള്ള ഹാൾ ഷട്ടറിട്ട് ക്ലാസ് റൂമിന് പര്യാപ്തമായ വിധം സജ്ജീകരിക്കുക. | ഒരു വർഷം | PTA<br>സ്കൂൾ മാനേജർ | |

**മേഖല : ഭൗതികം**

**പ്രവർത്തനത്തിന്റെ പേര് : കൈവരി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ക്ലാസ് മുറികളുടെ ശുചിത്വവും സംരക്ഷണവും | ക്ലാസ് മുറികളുടെ ശുചിത്വത്തിനും സംരക്ഷണത്തിനുമായി ക്ലാസ് മുറികളെ നെറ്റ് അടിച്ച് സംരക്ഷിക്കുന്നു. | ഒരു വർഷം | PTA<br>സ്കൂൾ മാനേജർ | |

## പ്രവർത്തനത്തിന്റെ പേര് : കവാടം, പഠിപ്പുര

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സ്കൂൾ സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ ക്ലാസ് റൂമുകൾ സജ്ജമാക്കൽ.<br>കുട്ടികളുടെ പൂർണ്ണമായ സുരക്ഷയെ മുൻനിറുത്തി അരഭിത്തിൽ കൈവരി നിർമ്മിക്കൽ. | ഒരു വർഷം | PTA,<br>മാനേജർ | |

## പ്രവർത്തനത്തിന്റെ പേര് : ഡൈനിംഗ് ഹാൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശുചിത്വം, ആരോഗ്യം | സൗകര്യപ്രദമായ സ്ഥലത്ത് ഡൈനിംഗ്ഹാൾ ഒരുക്കൽ.<br>നിലവിലുള്ള ഡൈനിംഗ് ഹാൾ ആകർഷകമാക്കുക. | ഒരു വർഷം | PTA<br>മാനേജർ | |

## പ്രവർത്തനത്തിന്റെ പേര് : ശൗചാലയ സമുച്ചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശുചിത്വം | പാചകപ്പുരയുടെ മുകൾഭാഗം നെറ്റ് അടിച്ച് സുരക്ഷിതമാക്കൽ | 6 മാസം | PTA<br>ഗ്രാമപഞ്ചായത്ത് ഉച്ചഭക്ഷണ കമ്മറ്റി | 25,000<br>2 ലക്ഷം |

## പ്രവർത്തനത്തിന്റെ പേര് : ബയോഗ്യാസ് പ്ലാന്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചക ആവശ്യത്തിനായുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | PTA<br>ഉച്ചഭക്ഷണ കമ്മറ്റി | |

## പ്രവർത്തനത്തിന്റെ പേര് : ടൂൾ കിറ്റ്, പണിയായുധങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | ജലവിതരണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും, ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | PTA<br>സ്റ്റാഫ് സെക്രട്ടറി | |

## പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്ക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷമൊരുക്കൽ | ജൈവ മാലിന്യങ്ങളുടെയും അജൈവ മാലിന്യങ്ങളുടെയും സംസ്ക്കരണം. | ഒരു വർഷം | SSG | |

## പ്രവർത്തനത്തിന്റെ പേര് : യോഗ, കരാട്ടെ പരിശീലന കേന്ദ്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസും | വായുസഞ്ചാരമുള്ള മുറി | ആഴ്ചയിൽ ഒരു ദിവസം | PTA<br>NCC | |

**മേഖല : സാമൂഹികം**

**പ്രവർത്തനത്തിന്റെ പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. വിദ്യാലയത്തിന്റെ ആവ ശ്യങ്ങൾക്കായി ഫണ്ട് ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | HM സ്റ്റാഫ് | |

**പ്രവർത്തനത്തിന്റെ പേര് : പൂർവ്വാദ്ധ്യാപക സംഗമം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വാദ്ധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സ്റ്റാഫ് കൗൺസിൽ | |

**പ്രവർത്തനത്തിന്റെ പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗങ്ങൾ | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G | |

**പ്രവർത്തനത്തിന്റെ പേര് : രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ ഒരുദിവസം | H.M S.I.T.C | |

**പ്രവർത്തനത്തിന്റെ പേര് : പ്രാദേശിക പഠനോത്സവത്തിന്റെ അവതരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വിദ്യാലയ മികവുകളുടെ അവതരണം | വിവിധ വിഷയങ്ങളിലെ പഠ്യമികവുകളെ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | H.M SRG | |

## പ്രവർത്തനത്തിന്റെ പേര് : ബോധവത്ക്കരണ ക്ലാസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വിവിധ വിഷയങ്ങളെ സംബന്ധിച്ച് മാതാപിതാക്കളെയും കുട്ടികളെയും ബോധവാൻമാരാക്കുക. | മദ്യം, മയക്കുമരുന്ന് , കൗമാര ആരോഗ്യ വിദ്യാഭ്യാസം, പകർച്ച വ്യാധി ബോധവൽക്കരണ ക്ലാസുകൾ | വർഷത്തിൽ 3 പ്രാവശ്യം | H.M<br>Staff | |

## പ്രവർത്തനത്തിന്റെ പേര് : സർഗ്ഗോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കൽ | കുട്ടികളുടെ വിവിധ കലാപരിപാടികൾ | വർഷത്തിൽ ഒരു പ്രാവശ്യം | H.M<br>സ്റ്റാഫ് കൗൺസിൽ | |

## പ്രവർത്തനത്തിന്റെ പേര് : പുസ്തക സമാഹരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | കുട്ടികളുടെ ജന്മദിനത്തിലും മറ്റ് വിശേഷാവസരങ്ങളിലും ക്ലാസ് ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ സ്പോൺസർ ചെയ്യുന്നു. ഡയറ്റിൽ നിന്നും സ്കൂൾ ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ സമാഹരിച്ചു. | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G<br>സ്കൂൾ പാർലമെന്റ് | |

## പ്രവർത്തനത്തിന്റെ പേര് : പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്നതിന് പഠനയാത്ര.<br>UP, HS,കുട്ടികൾ HSS ലാബ് സന്ദർശനം<br>HSS വിദ്യാർത്ഥികൾ വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ലാബ് സന്ദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G<br>PTA | |

## പ്രവർത്തനത്തിന്റെ പേര് : മത്സരപരീക്ഷകൾക്ക് പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| അറിവിന്റെ ജനകീയ വൽക്കണം | അവധി ദിവസങ്ങളിൽ വിവിധ മത്സ രപരീക്ഷകൾക്ക് തയ്യാറാകുന്നു. കുട്ടികൾക്ക് പരിശീലനം USS പരീക്ഷ, NMMS മാത്സ് ടാലന്റ് സേർച്ച് പരീക്ഷ | ആഴ്ചയിൽ 3 ദിവസം | S.R.G<br>PTA | |

## പ്രവർത്തനത്തിന്റെ പേര് : ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാ രുണ്യ പ്രവർത്തനങ്ങ ളിൽ പങ്കെടുക്കൽ | അനാഥാലയം സന്ദർശിച്ച് സാമ്പ ത്തിക സഹായം നൽകുന്നു. നിർധനരായ കുട്ടികൾക്കും കുടും ബാംഗങ്ങൾക്കും സാമ്പത്തിക സഹായം. | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G | |

## പ്രവർത്തനത്തിന്റെ പേര് : കമ്പ്യൂട്ടർ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| അക്കാദമിക സൗകര്യം മെച്ചപ്പെടു ത്തൽ | കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുക. പരിശീലനങ്ങൾ സംഘടിപ്പിക്കുക. | 1 വർഷം | ഗ്രാമപഞ്ചാ യത്ത്<br>I.T.<br>Co ordinator | |

## മികവുകൾ, നേട്ടങ്ങൾ

### നടപ്പുവർഷം

- ■എസ്.എസ്.എൽ.സി. 100% വിജയം
- ■ക്ലാസ് പി.ടി.എ
- ■ഭവന സന്ദർശനം
- ■മാഗസിൻ (വിവിധ വിഷയങ്ങളിൽ)
- ■പച്ചക്കറിത്തോട്ടം
- ■സ്കൂൾ മാസ്റ്റർപ്ലാൻ
- ■മികച്ച ശാസ്ത്രഗണിതശാസ്ത്ര ക്ലബ്ബ്
- ■നീന്തൽ മത്സരങ്ങൾ - വിജയം
- ■ശാസ്ത്രമേള - വിജയം
- ■ജൈവ വൈവിധ്യപാർക്ക്
- ■ചിത്രരചന പരിശീലനം
- ■ഹിന്ദി ഫെസ്റ്റ്
- ■സ്കൂൾ ബസ്
- ■ഹൈടെക് ക്ലാസ് മുറികൾ
- ■പാചകപ്പുര നവീകരണം
- ■ലൈബ്രറി
- ■ക്ലാസ് മുറികളിൽ വായനാമൂല
- ■ക്ലാസ് റൂം
- ■മീൻകുളം
- ■പൂർവ്വാദ്ധ്യാപക സംഗമം
- ■പൂർവ്വ വിദ്യാർത്ഥി സംഗമം
- ■ജി.കെ.വേൾഡ്
- ■ഉദ്യാന നവീകരണം
- ■പഠനോത്സവം
- ■ഗണിത - സാമൂഗ്യശാസ്ത്രമേള വിജയം
- ■കായികമേഖലയിൽ ഉന്നതവിജയം - സമ്മർകോച്ചിംഗ് ക്ലാസ്
- ■കലാപ്രവർത്തിപരിചയമേളയിൽ ഉന്നത വിജയം.
- ■അറബി - സംസ്കൃത കലോത്സവത്തിൽ മികവാർന്ന വിജയം
- ■കെ.സി.എസ്.എൽ. രൂപതാ കലോത്സവത്തിൽ ഉയർന്ന വിജയം.
- ■യു.എസ്.എസ്., എൻ.എം.എം.എസ്.സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം
- ■വേദപാഠ - സന്മാർഗ്ഗ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കാളിത്തം.

### മുൻവർഷം

- ■സ്കൂൾ ബസ്
- ■മികച്ച ശാസ്ത്ര,ഗണിത ശാസ്ത്ര ക്ലബ്ബ്
- ■പച്ചക്കറിത്തോട്ടം
- ■ഔഷധത്തോട്ടം
- ■മാഗസിൻ
- ■കലാം കോർണർ - വായനമൂല
- ■പി.എൻ.പണിക്കർ - വായനമൂല
- ■ശാസ്ത്രമേള, ഗണിത ശാസ്ത്രമേള - വിജയം
- ■മഴവെള്ള സംഭരണി
- ■വാഷ് ഏരിയ - മേച്ചിൽ
- ■പുതിയ ഹയർസെക്കണ്ടറി കെട്ടിടം
- ■ആൺകുട്ടികൾക്ക് പുതിയ ടോയ്ലെറ്റ്
- ■കെ.സി.എസ്.എൽ
- ■മതബോധന ക്ലാസുകൾ
- ■മൂല്യബോധന ക്ലാസുകൾ
- ■യു.എസ്.എസ്., എൻ.എം.എം.എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം

# അക്കാദമിക മാസ്റ്റർ പ്ലാൻ – എച്ച്.എസ്.എസ്. 2025–2026

## അക്കാദമികം

1. Communicative English ക്ലാസുകൾ കുട്ടികളുടെ ഇംഗ്ലീഷ് നൈപുണ്യം വളർത്തുന്നതിനായി ആഴ്ചയിൽ രണ്ടു ദിവസം നടത്തുന്നു.
2. അച്ചടക്കബോധം വളർത്തുവാനായി എല്ലാ ബുധനാഴ്ചയും സ്കൂൾ അസംബ്ലി നടത്തുന്നു.
3. ആധുനിക രീതിയിൽ ശീതീകരണ സംവിധാനത്തോടുകൂടി കമ്പ്യൂട്ടർ ലാബ് സജ്ജമാക്കി 40x20 അടിയാണ് ലാബിന്റെ വലിപ്പം.
4. എല്ലാ തിങ്കളാഴ്ചകളിലും യൂണിറ്റ് പരീക്ഷകൾ നടത്തുകയും ഒരു വട്ടം പൂർത്തിയാകുമ്പോൾ രക്ഷിതാക്കളെ വിളിച്ചുകൂട്ടുകയും ചെയ്യുന്നു.
5. പലതരത്തിലുള്ള ബോധവൽക്കരണ ക്ലാസുകൾ കുട്ടികൾക്കായി നടത്തുന്നു.
6. പ്രത്യേക അവസരങ്ങളിലും, അല്ലെങ്കിൽ മാസത്തിൽ ഒരിക്കലോ പി.റ്റി.എ. യോഗങ്ങൾ സംഘടിപ്പിക്കുകയും, പ്രധാന തീരുമാനങ്ങളെല്ലാം കൂടിയാലോചിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.
7. എല്ലാ ക്ലാസുകളുടെയും സഹകരണത്തോടെ ഒരു കൈയ്യെഴുത്തുമാസിക തയ്യാറാക്കിവരുന്നു.
8. കലാകായിക വിഷയങ്ങളിൽ മതിയായ പരിശീലനവും ശ്രദ്ധയും കൊടുക്കുന്നു.

## സ്കൂൾ ഭൗതിക സൗകര്യങ്ങൾ

- സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മിനി ഹാൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- മുകളിലത്തെ നിലയിൽ വാഷ് ഏരിയ നിർമ്മിക്കും.
- കുടിവെള്ള സൗകര്യം വർദ്ധിപ്പിക്കാൻ ഒരു കൂളർ കൂടി സ്ഥാപിക്കും
- എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 15 മിനിറ്റ് ക്യാമ്പസ് ക്ലീനിംഗിനായി നൽകും.
- ക്യാമ്പസ് ആകർഷകമാക്കാൻ കൂടുതൽ ചെടികൾ നടും.

## പൊതുപ്രവർത്തനങ്ങൾ

പ്ലാസ്റ്റിക്കും പ്ലാസ്റ്റിക്കേതര സാധനങ്ങളും വേർതിരിക്കുന്നതിനായി സ്കൂളിന്റെ ഓരോ നിലയിലും പ്രത്യേക ബിന്നുകൾ വച്ച് പ്ലാസ്റ്റിക് രഹിത ക്യാമ്പസ് യാഥാർത്ഥ്യമാക്കും. എൻ.എസ്.എസ്.യൂണിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

പുതുതലമുറയെ നശിപ്പിക്കുന്ന ലഹരി, ക്യാമ്പസിൽ നിന്ന് ഉന്മൂലനം ചെയ്യാൻ മികച്ച ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും. ഓരോ ക്ലാസിൽ നിന്നും രണ്ടു കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകുകയും കുട്ടികളെ നിരീക്ഷിക്കാനും യഥാസമയം അധ്യാപകരെ വിവരം അറിയിക്കാനുമുള്ള നിർദ്ദേശം നൽകും.

**ഓപ്പൺ ലൈബ്രറി**

ഓപ്പൺ ലൈബ്രറി കാര്യക്ഷമമാക്കുവാൻ വേണ്ടി കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും പുസ്തകങ്ങൾ, മാഗസിനുകൾ, പത്രങ്ങൾ എന്നിവ ശേഖരിച്ച് വായനയ്ക്കുള്ള സൗകര്യമൊരുക്കും.

**അസംബ്ലി**

രണ്ടായ്ചയിൽ ഒരിക്കൽ വിവിധ ക്ലാസുകളുടെ നേതൃത്വത്തിൽ അസംബ്ലി സംഘടിപ്പിച്ച് കുട്ടികളുടെ നേതൃത്വപാടവം വർദ്ധിപ്പിക്കും.

**ദിനാചരണങ്ങൾ**

സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, വായനാദിനം, പരിസ്ഥിതി ദിനം തുടങ്ങിയ പ്രത്യേക വിശേഷ ദിനങ്ങളിൽ കുട്ടികൾക്കായി സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കും. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ പി.ടി.എ.യുടെ പങ്കാളിത്തം ഉറപ്പാക്കും.

**ആദ്ധ്യാത്മിക കാര്യങ്ങൾ**

ആദ്യവെള്ളിയാഴ്ച, വിശുദ്ധകുർബ്ബാന, കുമ്പസാരം എന്നിവയ്ക്ക് എല്ലാ കത്തോലിക്കാ കുട്ടികളയും പങ്കെടുപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ ജമാല നടത്തും. ക്രിസ്തുരാജന്റെ തിരുനാൾ, മാതാവിന്റെ തിരുനാൾ എന്നിവ സമുചിതമായി ആഘോഷിക്കും.

**കലാ പ്രവർത്തനങ്ങൾ**

വിവിധ കലാവാസനകളുള്ള കുട്ടികൾക്കായി ഓരോ മാസവും ക്ലാസ് മീറ്റിംഗ് സംഘടിപ്പിക്കുകയും അവരുടെ കഴിവുകളെ പ്രോത്സഹിപ്പിക്കുകയും ചെയ്യും. ഇതിനായി അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനങ്ങൾ നൽകും. യൂത്ത് ഫെസ്റ്റിവലിൽ സജ്ജീവമായി പങ്കെടുപ്പിച്ച് ഓവറോൾ നിലനിർത്താൻ ശ്രമിക്കും.

പ്രവൃത്തി പരിചയമേളയിൽ ഓവറോൾ നിലനിർത്തുന്നതിനായി അവധി ദിവസങ്ങളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകും.

**കായിക പ്രവർത്തനങ്ങൾ**

കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കാൻ സ്കൂൾ തല പരിശീലനം നടത്തും. കായികമേളയിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കാൻ ശ്രമിക്കും.

## എൻ,എസ്.എസ്.

കുട്ടികൾക്ക് മണ്ണിനോടും പ്രകൃതിയോടും താത്പര്യം ജനിപ്പിക്കാനും സുസ്ഥിരവികസനം ഉറപ്പാക്കാനും കാമ്പസിൽ പച്ചക്കറി, കപ്പ, ചേന, വാഴ തുടങ്ങിയ കൃഷികൾ നടത്തും. പ്രകൃതി മലിനമാക്കാതെ സംരക്ഷിക്കാൻ പരിശീലിപ്പിക്കും. കുട്ടികൾക്ക് നിയമ ബോധവൽക്കണം നടത്തും. ഹരിത ക്യാമ്പസ് പ്രാവർത്തികമാക്കും. കുട്ടികളിലെ വായനാശീലം വർദ്ധിപ്പിക്കാൻ ഇടവേളകളിൽ ഓപ്പൺ ലൈബ്രറി ഉപയോഗപ്പെടുത്താൻ പരിശീലിപ്പിക്കും. സാമൂഹിക സേവനം കുട്ടികളിലെത്തിക്കാൻ വേണ്ടി അനാഥാലങ്ങൾ നന്ദർശിക്കും. ചെറിയ സാമ്പത്തിക സഹായ നിധി രൂപീകരിക്കുകയും അത് അർഹരായവർക്ക് നൽകുകയും ചെയ്യും.

## സ്കൗട്ട് & ഗൈഡ്

കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായി സ്കൗട്ട്  & ഗൈഡ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ***ട്രാഫിക് റൂൾസ് & റോഡ് സേഫ്റ്റി*** എന്ന വിഷയത്തിൽ ക്ലാസുകൾ സംഘടിപ്പിക്കും. സോളാർ പ്രോജക്ട്, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കും. ദുരന്തനിവാരണ സേനയുടെ നേതൃത്വത്തിൽ സ്കൂളിലെ എല്ലാകുട്ടികൾക്കുമായി ***മോക്ക് ഡ്രിൽ*** സംഘടിപ്പിക്കും. സാമൂഹിക സ്ഥാപനങ്ങളിൽ നിലാരംബരായ ജനങ്ങളെ സന്ദർശിച്ച് ഭക്ഷണം. വസ്ത്രം എന്നിവ വിതരണം ചെയ്യും. സ്കൂൾ അച്ചടക്കത്തിനു നേതൃത്വം വഹിക്കാൻ സ്കൗട്ട് & ഗൈഡ് അംഗങ്ങളെ ചുമതലപ്പെടുത്തും.

## കരിയർ ഗൈഡൻസ്

കുട്ടികൾക്ക് വിവിധ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള ശരിയായ മാർഗ്ഗനിർദ്ദേശം സമയാസമയങ്ങളിൽ നൽകും. കരിയർ ഗൈഡൻസ് കോർണർ സജീവമാക്കും. കരിയർ ഗൈഡൻസ് വിദഗ്ധരുടെ നേതൃത്വത്തിൽ സയൻസ്,കോമേഴ്സ്, ഹ്യൂമാനിറ്റീസ് വിഭാഗങ്ങളിലെ കുട്ടികൾക്ക് തൊഴിൽ സംബന്ധിച്ച് ശരിയായ ബോധവത്ക്കരണം നൽകും. ഓൺലൈൻ മാധ്യമങ്ങൾ വഴി വിവിധ കോഴ്സുകളെക്കുറിച്ചുള്ള നോട്ടീസും സംശയനിവാരണത്തിനുള്ള അവസരവും നൽകി മികച്ച തൊഴിൽ കണ്ടെത്താൻ അവരെ പ്രോത്സാഹിപ്പിക്കും.

## സൗഹൃദ ക്ലബ്

കുട്ടികളുടെ മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൗൺസിലിംഗിനുള്ള സൗകര്യം നൽകും. സൈക്കോളജിസ്റ്റ്, ഗൈനക്കോളജിസ്റ്റ് എന്നിവരുടെ ക്ലാസുകളിലൂടെ കൗമാര പ്രായക്കാർ അനുഭവിക്കുന്ന ശാരീരിക - മാനസിക വ്യതിയാനങ്ങളെക്കുറിച്ച് ശരിയായ അവബോധം നൽകും. കൂടാതെ മാതാപിതാക്കൾക്കായി ***മക്കളെ അറിയാൻ*** എന്ന പ്രോഗ്രാം സംഘടിപ്പിക്കും.

## ഐ.ടി ക്ലബ്ബ്

ന്യൂ ഗാഡ്ജറ്റ്, സോഫ്റ്റ്‌വെയർ. ഹാർഡ്‌വെയർ എന്നിവയെക്കുറിച്ച് മനസിലാക്കുന്നതിനുവേണ്ടി സെമിനാറുകൾ, വീഡിയോ പ്രസന്റേഷൻ, ഡിസ്ക്കഷൻ എന്നിവ സംഘടിപ്പിക്കും. ഐ.ടി ക്ലബ് അംഗങ്ങൾ വഴി ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ചുള്ള ശരിയായ അറിവ് മറ്റ് കുട്ടികൾക്ക് നൽകും. സൈബർ സുരക്ഷയെ മുൻനിറുത്തി ആവശ്യമായ പരിശീലനം നൽകും.

**സയൻസ് ക്ലബ്ബ്**

ശാസ്ത്ര ദിനാചരണങ്ങൾ സംഘടിപ്പിക്കും. ഇന്റർ സ്കൂൾ സയൻസ് ക്വിസ് മത്സരങ്ങൾ നടത്തും. ശാസ്ത്ര മേളയിൽ വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ, പ്രോജക്ട്, ഇംപ്രൊവൈസ്ഡ് എക്സ്മിരിമെന്റ്സ് എന്നിവ യിൽ മികച്ച പ്രവർത്തനം ഉറപ്പാക്കും. റബ്ബർ ഫാക്ടറി സന്ദർശിക്കും.

**മാത്തമാറ്റിക്സ് ക്ലബ്ബ്**

കുട്ടികളിൽ ഗണത ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുന്നതിനായി മാത്തമാറ്റിക്സും ഐ.ടി.യും സംയോ ജിപ്പിച്ചുകൊണ്ടുള്ള പഠനരീതി നടപ്പാക്കും. കൂടാതെ ഗണിത ക്വിസ്, പ്രോജക്ട്, വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

**സോഷ്യൽ സയൻസ് ക്ലബ്ബ്.**

സാമൂഹിക പ്രശ്നങ്ങൾ പഠിച്ച് പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനായി കുട്ടികളെ പരിശീലിപ്പിക്കാൻ സെമിനാറുകൾ, ഡിബേറ്റുകൾ, എക്സിബിഷനുകൾ, ക്വിസ് മത്സരങ്ങൾ, ഫീൽഡ് ട്രിപ്പ് എന്നിവ നടത്തും.

**സോഷ്യൽ വർക്ക് ക്ലബ്ബ്.**

കുട്ടികളിൽ സാമൂഹിക സേവന ബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ചാരിറ്റബിൾ സ്ഥാപനങ്ങൾ സന്ദർശിക്കും.

കുട്ടികളിൽ സാമൂഹിക സേവന ബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ചാരിറ്റബിൾ സ്ഥാപനങ്ങൾ സന്ദർശിക്കും. അവിടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യും.

**മീഡിയ ക്ലബ്**

കുട്ടികളിൽ മാധ്യമ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി മീഡിയ കോർണർ ഒരുക്കും. വിവിധ ദിനപത്രങ്ങൾ, മാസികകൾ, വിഷ്വൽ മീഡിയ എന്നിവ കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ നൽകും. കുട്ടികളിൽ സർഗ്ഗശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ രചനാസൃഷ്ടികൾ ഉൾപ്പെടുത്തി മാസിക പ്രസിദ്ധീകരിക്കും. വിവിധ മാധ്യമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ മാധ്യമ സ്ഥാപനങ്ങൾ സന്ദർശിക്കും.

**ഭാഷാ ക്ലബ്ബ്**

മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാവീണ്യം വർദ്ധിപ്പിക്കാൻ രചനാ മത്സരങ്ങൾ, വായനാ മത്സര ങ്ങൾ, പ്രസംഗ മത്സരങ്ങൾ പദപരിചയം എന്നിവ നടത്തും. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്കായി പ്രത്യേകം പരിശീലനങ്ങൾ നൽകും.

## നേച്ചർ ക്ലബ്ബ്.

പ്രകൃതിയെ കൂടുതൽ അടുത്തറിയുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കും. അതിനായി പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറാൻ കുട്ടികളെ പരിശീലിപ്പിക്കും. പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം എന്നി വ നിർമ്മിച്ച് പരിപാലിക്കും. ലോക പരിസ്ഥിതി ദിനം, ഓസോൺ ദിനം എന്നിങ്ങനെയുള്ള വിശേഷദിവസങ്ങൾ സമുചിതമായി ആഘോഷിക്കും.

## സ്കൂൾ ലൈബ്രറി

കുട്ടികളിൽ വിജ്ഞാനവും സാഹിത്യാഭിരുചിയും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ലൈബ്രറി പ്രവർത്തിക്കും.

കുട്ടികൾക്ക് എല്ലാ ആഴ്ചയിലും പുസ്തകങ്ങൾ എടുക്കുവാനുള്ള സൗകര്യമൊരുക്കുകയും പുസ്തകത്തിന്റെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ വായനാക്കുറിപ്പുകൾ തയ്യാറാക്കുകയം ചെയ്യുന്നു.
ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കും.(ഉദാ: ജൂൺ – മൺസൂൺ, ജൂലൈ – പോപ്പുലേഷൻ, ഓഗസ്റ്റ് – സ്വാതന്ത്ര്യം, സെപ്റ്റംബർ – ഓണം തുടങ്ങിയവ)

വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നിവ പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കും. ഇതിനായി മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മലയാളം ഫെസ്റ്റ്, ഹിന്ദി ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കും.

വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണ്യം നേടാൻ ലളിതമായ സാഹിത്യകൃതികൾ ആശയം ചോർന്ന് പോകാതെ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കും.

# ഉപസംഹാരം

അക്കാദമിക് മാസ്റ്റർപ്ലാൻ പൊതുവിദ്യാലയത്തെ സംരക്ഷിക്കുന്നതിനുള്ള ഉപാധിയായി കാണുന്നു. യഥാസമയം ഫണ്ടുകൾ ലഭ്യമാക്കുകയും അധ്യാപകർ, പി.ടി.എ., പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, പൊതുസമൂഹം എന്നിവർ കൂട്ടായി പ്രവർത്തിക്കുകയും ചെയ്താൽ ഈ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി വിജയിക്കും എന്നതിൽ സംശയമില്ല.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ, സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന കാളിയാർ സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിന്റെ 2023-24 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# കമ്പ്യൂട്ടർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കമ്പ്യൂട്ടർ അധിഷ്ഠിത മേഖലയിൽ പരിശീലനം നൽകി ആധുനിക സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ICTപരിജ്ഞാനവും താൽപര്യവും വർദ്ധിപ്പിക്കൽ | 1) ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ പരിചയപ്പെടുത്താൻ അധ്യാപക പരിശീലനങ്ങൾ | ടേമിലൊരിക്കൽ | ICT പരിശീലനം നേടിയ അധ്യാപകർ | |
| | 2) സ്മാർട്ട് ക്ലാസുകൾ, മൾട്ടിമീഡിയ മുറി, ഐ.റ്റി.ലൈബ് എന്നിവ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സാഹചര്യമൊരുക്കുക. | വർഷം മുഴുവൻ | SITC, LKMS | |
| | 3) സൈബർ ദുരുപയോഗം, നിർമ്മിത ബുദ്ധി തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ. | ടേമിലൊരിക്കൽ | SITC, LKMS | |
| | 4) അനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, സ്ക്രാച്ച് പ്രോഗ്രാമിംഗ് തുടങ്ങിയവയിൽ പരിശീലനം. | ടേമിലൊരിക്കൽ | SITC, LKMS | |
| | 5) ഓൺലൈൻ അപേക്ഷകളും മറ്റും സമർപ്പിക്കുന്നതിനുള്ള പരിശീലനം. | വർഷത്തിലൊരിക്കൽ | SITC, LKMS | |
| | 6) ഐ.ടി.മേളയിൽ കാര്യക്ഷമമായ പങ്കാളിത്തം | വർഷത്തിലൊരിക്കൽ | ക്ലബ്ബ് കൺവീനർ | |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇന്ത്യയിലെ ഔദ്യോഗിത ഭാഷകളിൽ ഒന്നാണ് സംസ്കൃതം.<br><br>യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | **1) ഭാഷ ജ്ഞാനം**<br>അക്ഷരമെഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>അക്ഷരമരം നിർമ്മിക്കൽ<br>കാർട്ടൂൺ പ്രദർശനം<br>പാട്ടുകളും കഥകളും കേൾപ്പിക്കുക.<br><br>2) ചിത്രങ്ങളുടെ പേര് പറയൽ<br><br>■ചിത്രകഥകൾ<br>■ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ - ഓഗസ്റ്റ്<br><br>ജൂൺ - ജൂലൈ | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT<br><br>SITC, LKMS<br><br>SITC, LKMS | PTA<br>റിസോഴ്സ് അധ്യാപിക<br><br>SITC, LKMS<br><br>SITC, LKMS |
| 2. വീട് ഒരു പരീക്ഷണ ശാല<br>(കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക.) | ■വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br><br>■ICTസഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3. വായനാലോകം<br>(കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | ■തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>■ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br><br>■വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br><br>■കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അംസബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | ■ ക്ലബ്ബ് രൂപീകരണം<br>■ പഠനോപകരണ നിർമ്മാണം<br>■ കലണ്ടർ നിർമ്മാണം<br>■ ഗൃഹ സന്ദർശനം<br>■ പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് പാഠപു ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | ■ ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>■ എല്ലാമാസവും ക്വിസ് മത്സരം നടത്തുന്നു.<br>■ മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6. ആസ്വാദന ലോകം ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി. | ■നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>■കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>■ മാസത്തിൽ ഒരു തവണ | 5മാസം | സംസ്കൃത ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 7) പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ. | ■പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>■ പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>■ ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം<br>ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| 8) ക്ലാസ് റൂം ആകർഷകമാക്കുന്നതിന് | ■പെയിന്റിംഗ്<br>■ലൈബ്രറി ഒരുക്കുന്നു<br>■സൗകര്യപ്രദമായ ഇരിപ്പടം ഒരുക്കുന്നു. | | | |

# കമ്പ്യൂട്ടർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കമ്പ്യൂട്ടർ അധിഷ്ഠിത മേഖലയിൽ പരിശീലനം നൽകി ആധുനിക സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ പരിജ്ഞാനവും താൽപര്യവും വർദ്ധിപ്പിക്കൽ | ■ ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ്‌വെയറുകൾ, ICT ഉപകരണങ്ങൾ അധ്യാപക പരിശീലനങ്ങൾ | ടേമിലൊരിക്കൽ | ICT പരിശീലനം നേടിയ അധ്യാപകർ | |
| | ■ സ്മാർട്ട് ക്ലാസുകൾ, മൾട്ടിമീഡിയ മുറി, ഐ.ടി. ലാബ് എന്നിവ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സാഹചര്യമൊരുക്കുക. | വർഷം മുഴുവൻ | ICT , LKMS | |
| | ■ സൈബർ ദുരുപയോഗം, നിർമ്മിത ബുദ്ധി തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ. | ടേമിലൊരിക്കൽ | ICT , LKMS | |
| | ■ അനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ് സ്ക്രാച്ച് പ്രോഗ്രാമിംഗ് തുടങ്ങിയവയിൽ പരിശീലനം | ടേമിലൊരിക്കൽ | ICT , LKMS | |
| | ■ ഓൺലൈൻ അപേക്ഷകളും മറ്റും സമർപ്പിക്കുന്നതിനുള്ള പരിശീലനം | വർഷത്തിലൊരിക്കൽ | ICT , LKMS | |
| | ■ ഐ.ടി.മേളയിൽ കാര്യക്ഷമമായ പങ്കാളിത്തം. | വർഷത്തിലൊരിക്കൽ | ക്ലബ് കൺവീനർ | |